ട്രാഫിക് അപകടങ്ങൾ 25 ശതമാനം കുറയ്ക്കുക, ഗുരുതര അപകടങ്ങൾ 20 ശതമാനം കുറയ്ക്കുക, കാൽനടയാത്രക്കാർക്ക് സുരക്ഷിത യാത്ര സാദ്ധ്യമാക്കുക, ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ഇരുചക്രവാഹനയാത്രികർ എന്നിവർക്ക് ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കി ക്കൊടുക്കുന്നതിനും ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത യെക്കുറിച്ചുള്ള ബോധവൽക്കരണത്തിനായി വിവിധ കർമ്മ പദ്ധതികളും ഇതിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

(സി) 4-6-2015-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 1368/2015/ആഭ്യന്തരം പ്രകാരം പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ലഭ്യമായ ഫണ്ടുകളുപയോഗിച്ച് 'ശുഭയാത്ര' പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

പുതിയ ഫയർ സ്റ്റേഷൻ

224 (1968) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം താലൂക്കിൽ ആരംഭിച്ച ഫയർ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഫയർ സ്റ്റേഷനിൽ അത്യാവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ എന്നറിയിക്കാമോ;

(സി) ഫയർ സ്റ്റേഷനിൽ ആംബുലൻസും ബോട്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ; എങ്കിൽ എന്ന് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) പത്തനാപുരം നിലയത്തിൽ ഡിങ്കി, ആംബുലൻസ് എന്നിവ നൽകിയിട്ടില്ല. വകുപ്പ് തലത്തിൽ പുതിയവ വാങ്ങുന്നമുറയ്ക്ക് മുൻഗണന നൽകി ടി നിലയത്തിനും നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly